ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.08.2024**

## പ്രധാനവാർത്തകൾ

1. 78-ാം സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും.

2. രാജ്യത്ത് സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങുകൾക്കുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ദേശീയപതാകയുയർത്തും.

3. സംസ്ഥാനതല സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നേതൃത്വം നൽകും.

4. വയനാട് ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം നല്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

5. ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി ഗംഗാവലി പുഴയിൽ ഇന്നും തെരച്ചിൽ. നേവി ഉൾപ്പെടെ രംഗത്ത്.

6. സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത

RNU TVPM

**************************

## രാഷ്ട്രപതി-സ്വാതന്ത്ര്യദിനം

78-ാം സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് വൈകിട്ട് 7 മണിക്ക് രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും ദൂരദർശനന്റേയും എല്ലാം നിലയങ്ങളും ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും രാഷ്ട്രപതിയുടെ അഭിസംബോധന പ്രക്ഷേപണം ചെയ്യും. തുടർന്ന് രാത്രി 9.30 ന് ആകാശവാണിയുടെ പ്രാദേശിക നിലയങ്ങൾ പരിഭാഷ പ്രക്ഷേപണം ചെയ്യും.

**************************

## സ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് രാജ്യം ഒരുങ്ങി. ന്യൂ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാവിലെ ദേശീയപതാകയുയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും. വനിതാ ശാക്തീകരണ പദ്ധതികൾക്ക് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും അടിസ്ഥാനതലത്തിൽ നേതൃത്വം നൽകുന്ന അങ്കണവാടി ജീവനക്കാരുൾപ്പെടെ 161 പേർ ഇത്തവണ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പ്രത്യേക അതിഥികളായി പങ്കെടുക്കും. പഞ്ചായത്ത് തലങ്ങളിലെ 400 വനിതാ ജനപ്രതിനിധികളും പരിപാടിയിൽ സംബന്ധിക്കും. സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങുകൾക്ക് ഡൽഹിയിൽ തയ്യാറെടുപ്പുകൾ പൂർത്തിയായി. രാജ്യതലസ്ഥാനത്ത് ശക്തമായ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

RNUTVPM

**************************

## സ്വാതന്ത്ര്യദിനം-സംസ്ഥാനം

സ്വാതന്ത്ര്യദിനത്തിന്റെ സംസ്ഥാനതല ആഘോഷങ്ങളുടെ ഭാഗമായി നാളെ രാവിലെ 9 ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. തുടർന്ന് വിവിധ സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കുന്ന മുഖ്യമന്ത്രി സ്വാതന്ത്ര്യദിന സന്ദേശവും ചടങ്ങിൽ നൽകും. ജില്ലാ ആസ്ഥാനങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകളിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ പതാക ഉയർത്തി അഭിവാദ്യം സ്വീകരിക്കും.

*************************

## സ്വാതന്ത്ര്യദിനാഘോഷം- ക്ഷണം

ഡൽഹി ചുവപ്പുകോട്ടയിൽ പ്രധാനമന്ത്രി പങ്കെടുക്കുന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ നേരിട്ട് വീക്ഷിക്കാൻ അമൃത വിദ്യാലയത്തിലെ വിദ്യാർത്ഥികളും. പുതിയകാവ് അമൃത വിദ്യാലയത്തിലെ കുട്ടികൾക്കാണ് പരിപാടിയിൽ പങ്കെടുക്കാൻ ഔദ്യോഗിക ക്ഷണം ലഭിച്ചത്. നിതി ആയോഗിൻറെ കീഴിൽ അടൽ ഇന്നവേഷൻ മിഷൻ നടത്തിയ അടൽ ടിങ്കറിങ് ലാബ്സ് മാരത്തണിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും, ദേശീയതലത്തിൽ 8-ാം സ്ഥാനവും നേടിയ മാസ്റ്റർ ബ്രെയിൻ ടീം അംഗങ്ങൾക്കാണ് ഈ അവസരം ലഭ്യമായത്.

*************************

## ഹർ ഘർ തിരംഗ കൊല്ലം

ഹർ ഘർ തിരംഗ പ്രചാരണത്തിൻ്റെ ഭാഗമായി പട്ടികജാതി മോർച്ചയുടെ നേതൃത്വത്തിൽ കൊല്ലം ജില്ലയിൽ മഹാത്മ അയ്യങ്കാളിയുടെ പ്രതിമ ശുചീകരിച്ചു. ശ്രീനാരായണ കോളേജിന് സമീപം പീരങ്കി മൈതാനത്ത് കല്ലുമാല സമരഭൂമിയിലെ അയ്യങ്കാളി

RNU TVPM

പ്രതിമയാണ്, പ്രവർത്തകർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി ഹാരാർപ്പണം ചെയ്തത്.

**************************

## മുഖ്യമന്ത്രി - വയനാട് INTRO

വയനാട് ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപ ധനസഹായം നല്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിൽ രണ്ട് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. 60 ശതമാനം അംഗവൈകല്യം ബാധിച്ചവർക്ക് 75,000 രൂപയും പരിക്കേറ്റ മറ്റുള്ളവർക്ക് 50,000 രൂപയും നല്കും.

(ഹോൾഡ്) (വോയ്സ്)

ദുരന്തത്തിൽ സർട്ടിഫിക്കറ്റ് നഷ്ടമായവർക്ക് അത് വീണ്ടെടുക്കാൻ എല്ലാ സഹായവും ഉറപ്പുവരുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

**************************

## വയനാട് - പരിശോധന

ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സംഘം വയനാട്ടിലെ ദുരന്ത മേഖലകളിൽ ഇന്നും പരിശോധന തുടരുന്നു. ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ മുതിർന്ന ശാസ്ത്രജ്ഞൻ ജോൺ മത്തായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സംഘമാണ് പരിശോധന നടത്തുന്നത്. പ്രദേശത്തെ മണ്ണിന്റെയും പാറകളുടെയും സാമ്പിളുകൾ ഇന്നലെ ശേഖരിച്ചു. ദുരന്ത മേഖലയിലെയും അനുബന്ധ പ്രദേശങ്ങളിലേയും അപകട സാധ്യതകൾ വിലയിരുത്തി സംഘം സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കും.

RNUTVPM

***************************

## സൺ ഡെ ലാബ്... ഇൻട്രോ

കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുക, ബാല സൗഹാർദ്ദ തദ്ദേശ ഭരണം പ്രോത്സാഹിപ്പിക്കുക, തുടങ്ങി വിവിധ ലക്ഷ്യങ്ങളോടെ കാസർഗോഡ് ജില്ലയിൽ സൺ ഡെ ലാബ് പദ്ധതി വരുന്നു. ജില്ലാ പഞ്ചായത്താണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.**

(വോയ്സ്)

***************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മറ്റ് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതാ നിർദ്ദേശവും ഉണ്ട്. തെക്കൻ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 17 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കർണാടക തീരത്ത് മീൻപിടിത്തത്തിന് തടസ്സമില്ല.

***************************

## ഷിരൂർ - തെരച്ചിൽ

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി ഗംഗാവലി പുഴയിൽ ഇന്നും തെരച്ചിൽ തുടരുന്നു. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപെ, നാവിക സേന, ദേശീയ - സംസ്ഥാന ദുരന്ത നിവാരണ സേനകൾ

RNU TVPM

എന്നിവർ സംയുക്തമായാണ് തെരച്ചിൽ നടത്തുന്നത്. ഇന്നലെ നടത്തിയ തെരച്ചിലിൽ അർജുന്റെ ലോറിയുടേതെന്ന് കരുതുന്ന ഒരു ഭാഗം കണ്ടെത്തിയിരുന്നു.

*************************

## ബസിലിക്ക- കണ്ണൂർ- ഇൻട്രോ

സിറോ മലബാർ സഭയുടെ വടക്കൻ കേരളത്തിലെ ആദ്യത്തെ ബസിലിക്കയായി മാറുകയാണ് കണ്ണൂർ ചെമ്പേരി ലൂർദ് മാതാ ദേവാലയം . ചെമ്പേരി ദേവാലയത്തെ ബസിലിക്കയായി ഉയർത്തുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഇന്ന് ഉച്ചയക്ക് ശേഷം നടക്കും. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

PNU TVPM

*************************

## ഓണച്ചന്ത

സപ്ലൈകോ ഓണച്ചന്തകൾ അടുത്തമാസം നാലിന് തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചനടത്താൻ മന്ത്രി ജി ആർ അനിലിൻറെ നേതൃത്വത്തിൽ ഇന്ന് യോഗം ചേരും. ഓണക്കാലത്ത് വിലക്കയറ്റവും കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിനുള്ള യോഗം ഇന്നലെ ചേർന്നിരുന്നു. കളക്ടർമാർ, ഭക്ഷ്യ സെക്രട്ടറി, സിവിൽ സപ്ലൈസ് കമ്മിഷണർ, സപ്ലൈക്കോ CMD, ലീഗൽ മെട്രോളജി അധികൃതർ, ജില്ലാ സപ്ലൈ ഓഫീസർമാർ എന്നിവർ പങ്കെടുക്കും.

*************************

## സ്വകാര്യ വ്യവസായ പാർക്കുകൾ

പരിഷ്കരിച്ച സ്വകാര്യ വ്യാവസായിക എസ്റ്റേറ്റ് അനുമതി നയത്തിലൂടെ കേരളത്തിൽ 25 സ്വകാര്യ വ്യവസായ

പാർക്കുകൾക്ക് കൂടി അനുമതി നൽകിയതായി വ്യവസായ മന്ത്രി പി രാജീവ്. പദ്ധതി ആരംഭിച്ച് ഒരു വർഷത്തിനുള്ളിലാണ് ഇത്രയും പാർക്കുകൾക്ക് അംഗീകാരം നൽകാൻ സാധിച്ചതെന്നും മന്ത്രി ഫേസ് ബുക്കിൽ കുറിച്ചു. ഇതിൽ തന്നെ മൂന്ന് പാർക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലും ഇപ്പോൾ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

**************************

## വിഭജന ഭീതി അനുസ്മരണ ദിനം

രാഷ്ട്രം ഇന്ന് വിഭജന ഭീതി അനുസ്മരണ ദിനം ആചരിക്കുന്നു . 1947-ലെ ഇന്ത്യാ - പാകിസ്ഥാൻ വിഭജന കാലത്തുണ്ടായ സംഘർഷത്തിൻറെ ഓർമകളും ജനങ്ങൾ നേരിട്ട കഷ്ടപ്പാടുകളും അനുസ്മരിക്കുന്നതിന് 2021ലാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഓഗസ്റ്റ് 14 വിഭജന ഭീതി അനുസ്മരണ ദിനം ആയി പ്രഖ്യാപിച്ചത്. വിഭജന കാലത്തെ ഭീകരതയുടെ ആഘാതവും ദുരിതവും അനുഭവിച്ച ജനതയെ പ്രധാനമന്ത്രി അനുസ്മരിച്ചു.

RNU TVPM

**************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 131 പോയിന്റ് ഉയർന്ന് 79,087 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 9 പോയിന്റ് നേട്ടത്തിൽ 24,149 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണവിലയിൽ നേരിയ കുറവ് . പവന് 80 രൂപ താഴ്ന്ന് 52,440 രൂപയും ഗ്രാമിന് 6,555 രൂപയുമാണ് ഇന്നത്തെ വില.

**************************

## <u>ദേശീയ മെഡിക്കൽ കമ്മീഷൻ</u>

രാജ്യത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം ഉറപ്പാക്കണമെന്ന് ദേശീയ മെഡിക്കൽ കമ്മീഷൻ. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് നേരെ അടുത്തിടെയുണ്ടായ അതിക്രമങ്ങളുടെ പശ്ചാത്തലത്തിലാണ് നിർദ്ദേശം.

*****************************************************************************

RNU TVPM